ഉത്തരം

(എ, ബി) നെല്ല് സംഭരിക്കുവാൻ സമിതം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച് ഫുഡ്കോർപ്പറേഷൻ ഓഫ് ഇൻഡ്യ അധികൃതരുമായി ചർച്ച നടന്നുവരുന്നു.

(സി) ഇക്കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ചുവരുന്നു.

മാനത്തുമംഗലം നെൽപ്പാടം മണ്ണിട്ടു നികത്തുന്നതിനെതിരെ നടപടി

113 [2012] ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട്-കോഴിക്കോട് ദേശീയപാതയിൽ നിന്ന് മാനത്തുമംഗലം ബൈപാസിന്റെ ഇരുവശവും ഏകദേശം 2 കിലോമീറ്റർ ദൂരം മുഴുവനും നെൽപ്പാടം മണ്ണിട്ടു നികത്താൻ അനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എത്ര ഏക്കർ ഭൂമി മണ്ണിട്ട് നികത്താനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) വൻകിട കെട്ടിടനിർമ്മാതാക്കളും റിയൽ എസ്റ്റേറ്റ് ബിസിനസ്സുകാരും ഉൾപ്പെട്ട ലോബി അനധികൃതമായി പാടം നികത്തുന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ പ്രദേശത്തെ അനധികൃത പാടം നികത്തൽ സംബന്ധിച്ച് അന്വേഷിക്കാനും സർക്കാരിന്റെ അനുമതി കൂടാതെയുള്ള നികത്തൽ അവസാനിപ്പിക്കാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി) മാനത്തുമംഗലം ബൈപാസ് റോഡിന് സമീപം കഴിഞ്ഞ കുറെ വർഷങ്ങളായി തരിശ്ശിട്ടിരുന്ന 17 ഏക്കർ 27 സെന്റ് ഭൂമി തരം മാറ്റുന്നതിന് ജില്ലാകളക്ടർ അനുമതി നൽകിയതായി അറിയുന്നു.

(സി) ഇല്ല.

(ഡി) 1967-ലെ കേരള ഭൂവിനിയോഗ നിയമമനുസരിച്ച് നിലം നികത്തുന്നതിനുള്ള അനുവാദം നൽകുന്ന പ്രഥമാധികാരി ജില്ലാ കളക്ടർ ആണ്. മുൻകൂട്ടിയുള്ള അനുമതി കൂടാതെ നെൽപ്പാടം നികത്തുന്നവർക്കെതിരെ പ്രസ്തുത നിയമമനുസരിച്ച് കർശന നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly